# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P-6/178/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 29/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P-6/178/2023 തീയ്യതി: 29/03/2023

## ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2022 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡപ്യൂട്ടി ഡയറക്ടർ | 27-01-2023 | 04-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-01-2023 | 04-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ഉണ്ണികൃഷ്ണൻ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഷിബു.എ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.കെ.ദീപ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ഹരികുമാർ.കെ.ബി | സെക്രട്ടറി | 01-04-2021 | 31-05-2021 |

| | | | |
|---|---|---|---|
| ശ്രീ.ജയകുമാർ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 17-07-2021 |
| ശ്രീ.നവാസ്.എസ് | സെക്രട്ടറി | 17-07-2021 | 09-08-2021 |
| ശ്രീ.മേരിസൺമൈക്കിൾ | സെക്രട്ടറി | 09-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പൂജാ വി നായർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ഗോപാലകൃഷ്ണൻ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.സ്മിത | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.അമൃത | ഹോമിയോ മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.സവിത | ആയുർവേദ മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷൈലജ ഒ | വി.ഇ.ഒ | 01-04-2021 | 10-11-2021 |
| ശ്രീമതി.രശ്മി.എൽ | വി.ഇ.ഒ | 10-11-2021 | 31-03-2022 |
| ശ്രീമതി.ഐശ്വര്യ.ആർ.കെ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.അമിത.സി.എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 05-11-2021 |
| ശ്രീമതി.ശ്രീലേഖ.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-11-2021 | 31-03-2022 |
| ശ്രീമതി.സുജാത | എച്ച്.എം | 01-04-2021 | 31-03-2022 |
| ശ്രീമതി.ജോൺസി ജോർജ്ജ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.ജയകുമാർ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 15-07-2021 |
| ശ്രീ.നവാസ്.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 16-07-2021 | 10-11-2021 |
| ശ്രീ.മധു.പി | അസിസ്റ്റന്റ് സെക്രട്ടറി | 11-11-2021 | 31-03-2022 |
| ശ്രീമതി.മെർലിൻ മാത്യു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷികകണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് &പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം (ACR പ്രകാരം) | 1-4 |
| 6 | പദ്ധതി അവലോകനം. | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -സംക്ഷിപ്തം | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് വേരിഫിക്കേഷൻ റിപ്പോർട്ട് | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 11 | 2021-2022 വർഷത്തെ ബജറ്റ് പാസാക്കിയിട്ടില്ല. | 1-10 |
| 12 | ഓഡിറ്റ് ഇംപാക്റ്റ് | 1-11 |
| 13 | വസ്തുനികുതി- മേൽത്തരം തറനിർമ്മിതിക്കനുസൃതമായി അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവ് വരുത്തിയില്ല | 1-12 |
| 14 | വസ്തുനികുതി- റോഡ് സൗകര്യം പരിഗണിക്കാതെ ഇളവുകൾ അനുവദിച്ചു. | 1-13 |
| 15 | വസ്തുനികുതി-വലിയ ഷോപ്പുകൾ നടത്തുന്ന അനധികൃത നിർമ്മാണം സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തി വസ്തുനികുതി ചുമത്തുന്നില്ല. | 1-14 |
| 16 | RCC മേൽക്കൂരയുള്ള കെട്ടിടത്തിനും വസ്തുനികുതിയിളവ് നൽകി | 1-15 |
| 17 | ജീവനക്കാരുടെ തൊഴിൽ നികുതി-ഡിമാൻഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയില്ല | 1-16 |
| 18 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി-ഡിമാൻഡ് രജിസ്റ്റർ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടില്ല | 1-17 |
| 19 | പഞ്ചായത്ത് താൽകാലിക ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി രേഖയില്ല | 1-18 |
| 20 | തൊഴിൽ നികുതി-സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തുന്നില്ല | 1-19 |
| 21 | തൊഴിൽനികുതി- ആധാരം എഴുത്ത് ഓഫീസുകളിലെ ജീവനക്കാരെ (Document Writers & Staff)തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-20 |
| 22 | പൊതുമരാമത്ത് പ്രവൃത്തികളിലെ ഇ-ടെണ്ടർ ഫീസ് - വിശദാംശം ലഭ്യമാക്കിയില്ല | 1-21 |
| 23 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/ കുടുംബ പെൻഷൻ ലഭിയ്ക്കുന്നവർ | 1-22 |

| | | |
|---|---|---|
| | സാമൂഹ്യസുരക്ഷാ പെൻഷൻ അനർഹമായി കൈപ്പറ്റി | |
| 24 | CMLRRP-റോഡ് നിർമ്മാണത്തിന്റെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കണം | 1-23 |
| 25 | ടെൻഡർ പരസ്യങ്ങൾ -നിർദ്ദിഷ്ട വിൻഡോമാതൃകയിലും വലുപ്പത്തിലുമല്ല നൽകുന്നത്-പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നു. | 1-24 |
| 26 | പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം - അംഗീകൃത പ്രോജക്റ്റിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കി. | 1-25 |
| 27 | പൊതുമരാമത്ത് പ്രവൃത്തികൾ - യഥാസമയം കരാർ ചമച്ചില്ല | 1-26 |
| 28 | പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കപ്പെടുന്നില്ല - PWD മാന്വൽ അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കപ്പെട്ടിട്ടില്ല. | 1-27 |
| 29 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ പ്രവൃത്തികളിൽ നിന്നും നികുതി ഈടാക്കിയില്ല. | 1-28 |
| 30 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പൊതു അപാകതകൾ | 1-29 |
| 31 | കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല. | 1-30 |
| 32 | പി.എച്ച്.സി മരുന്നുകൾ ലഭ്യമായില്ല | 1-31 |
| 33 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുകൾ ലഭ്യമായില്ല | 1-32 |
| 34 | ലൈഫ് ഭവനപദ്ധതി | 1-33 |
| | **ഭാഗം 2** | |
| 1 | വസ്തുനികുതി-മേൽത്തരം തറനിർമ്മിതിക്കനുസൃതമായ വർദ്ധനവ് ഉൾപ്പെടുത്താതെയുള്ള നികുതി നിർണ്ണയം -വസ്തുനികുതി ഡിമാൻഡിൽ 16128 രൂപയുടെ കുറവ് | 2-1 |
| | **ഭാഗം 3** | |
| 1 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/ കുടുംബ പെൻഷൻ ലഭിയ്ക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷാ പെൻഷൻ സംബന്ധിച്ച് | 3-1 |
| 2 | പൊതുമരാമത്ത് പ്രവൃത്തികൾ - യഥാസമയം കരാർ ചമച്ചില്ല | 3-2 |
| 3 | കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല. | 3-3 |
| 4 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ പ്രവൃത്തികളിൽ നിന്നും നികുതി ഈടാക്കിയില്ല. | 3-4 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/ സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 26.02.21 ലെ ജനറൽ കമ്മറ്റിയിൽ അവതരിപ്പിച്ചിട്ടുണ്ട്. അടുത്ത കമ്മറ്റിയിൽ ചർച്ചകൾക്ക് ശേഷം ബജറ്റ് പാസാക്കുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ടെങ്കിലും പാസാക്കിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 15.02.21 തീയതിയിലെ I ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 263683536 | 255424630 |
| വാർഷിക കണക്ക് (RP സ്റ്റേറ്റ്മെന്റ് പ്രകാരം) | 108459931 | 116175093 |
| ഇൻകം ആന്റ് എക്സ്പെന്റീച്ചർ പത്രിക പ്രകാരം | 234852523 | 245033095 |

## 1-2 വാർഷിക ധനകാര്യ പത്രിക

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക 29.07.22 ൽ ഓഡിറ്റിന് സമർപ്പിച്ചു.

### 1-2-1 വാർഷികകണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ

1)റെന്റ് ഡെപ്പോസിറ്റ്-

രജിസ്റ്റർ പ്രകാരം ,19-20 വരെയാണ് സംക്ഷിപ്തം തയ്യാറാക്കിയിരിക്കുന്നത്. ഈ കണക്കിൽ പലപ്പോഴും പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാൾ ഡെപ്പോസിറ്റും ഉൾപ്പെടുത്തുന്നുണ്ട്. രേഖപ്പെടുത്തലുകൾ കൃത്യമല്ലാത്തതിനാലും കണക്കുകൾ മുഴുവനായും ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും വാർഷിക കണക്കുകൾ പ്രകാരം ഉൾപ്പെടുത്തിയ തുകകൾ കൃത്യമാണോ എന്ന് പരിശോധിച്ചുറപ്പാക്കാനായില്ല.പഞ്ചായത്ത് വാടകക്ക് നൽകിയിട്ടുള്ള കടമുറികളിൽ നിന്നുള്ള ഡെപ്പോസിറ്റ് പ്രത്യേകമായി തയ്യാറാക്കി നിർദ്ദിഷ്ട ഹെഡ്ഡിൽ ഉൾപ്പെടുത്തി വാർഷിക സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2)അഡ്വാൻസ് രജിസ്റ്ററിൽ , ഗ്രാമപഞ്ചായത്ത് വിവിധ നിർവ്വഹണ ഏജൻസികൾക്ക് പ്രവർത്തിയുടെ നിർവ്വഹണത്തിനായി നൽകിയ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.വിവിധ വർഷങ്ങളിൽ നൽകിയ തുകകളിൽ വിനിയോഗിച്ച തുകയുടെ കൃത്യത പരിശോധിച്ചുറപ്പാക്കേണ്ടതാണ്.

3)ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2007 മുതലുള്ള പല ഡെപ്പോസിറ്റുകളും പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ലായെന്ന് കാണുന്നു. കേരള ഫിനാൻഷ്യൽ കോഡിലെ ചട്ടങ്ങൾ അനുശാസിക്കും പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

4)ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് റീകൺസിലിയേഷൻ (31-03-2022)പ്രകാരം 2020 ൽ വരവ് വന്ന താഴെ പറയുന്ന തുകകൾ പണമായി മാറിയില്ല എന്ന രീതിയിലാണ് പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നം | തീയതി | ഒടുക്കിയ ആളുടെ പേര് | തുക |
|---|---|---|---|
| 120100500111 | 29-09-2020 | ഗിരീഷ് കുമാർ | 16075 |
| 120100500110 | 29-09-2020 | ഗിരീഷ് കുമാർ | 22610 |
| 120100500112 | 29-09-2020 | ഗിരീഷ് കുമാർ | 12273 |
| 1200104930 | 23-12-2020 | സുനിമോൾ പി ബി | 22919 |

ഈ തുകകൾ അതേസാമ്പത്തികവർഷം തന്നെ പണമായി മാറിയെങ്കിലും 31-12-2022 ലെ റീ കൺസിലിയേഷൻ പത്രികയിലും ഈ തുകകൾ പണമായി മാറിയില്ലായെന്ന രീതിയിൽ തുടരുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4) ബെനിഫിഷറി കോൺട്രിബ്യൂഷനായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിച്ചുറപ്പാക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

5)MGNREGS -ക്യാഷ് ബുക്ക് പ്രകാരമുള്ള കണക്കുകളും വാർഷിക കണക്കുകൾ പ്രകാരമുള്ള കണക്കുകളും തമ്മിൽ

വ്യാത്യാസമുണ്ട്. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

6) ഗ്രാന്റുകളുടെ ACR വാർഷിക കണക്കുകൾ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 32599846 |
| വരവ് | 108459931 |
| ആകെ | 141059777 |
| ചെലവ് | 116175093 |
| നീക്കിയിരിപ്പ് | 24884684 |
| വരവിനങ്ങളിലെ നഷ്ടം | 16128 |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ നിരാകരിച്ച തുക | 12872 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1829593 |

## 1-4 ഗ്രാന്റ് വിനിയോഗം (ACR പ്രകാരം)

| ക്രമ നമ്പർ | ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് (ACR) | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസന ഫണ്ട്-പൊതുവിഭാഗം | 21244582 | 3106126 | 18141224 | 21247350 | 2768 |
| 2 | വികസന ഫണ്ട്-എസ്.സി.പി | 1262700 | 618207 | 11444157 | 12062364 | 564636 |
| 3 | സംരക്ഷണ ഗ്രാന്റ്- റോഡ് | 23618000 | 0 | 8396783 | 8396783 | 15221217 |
| 4 | സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് | 8137208 | 0 | | 6392807 | 1744401 |
| 5 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 11707169 | 0 | 3300294 | 3300294 | 8406875 |
| 6 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 4862404 | 0 | 3290374 | 3290374 | 1572030 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയത് ശതമാനം |
|---|---|---|---|---|---|---|
| 165 | 167243631 | 100 | 77474785 | 19 | 46 | 72 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -സംക്ഷിപ്തം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 205927 | 998611 | 1204538 | 1202406 | 2132 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 53070753 | 53070753 | 53070753 | |
| ആകെ | | 54069364 | | 54273159 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 51480 | 22 |
| കർഷകതൊഴിലാളി പെൻഷൻ | 12851400 | 783 |
| വിധവാ പെൻഷൻ | 23151300 | 1532 |
| വാർദ്ധക്യകാല പെൻഷൻ | 45857100 | 3185 |
| വികലാംഗ പെൻഷൻ | 5912000 | 387 |
| അവിവാഹിത പെൻഷൻ | 1259200 | 84 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ റിപ്പോർട്ട്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01-02-23 ൽ 3.05 പി.എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27696/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.2021-2022 വർഷത്തെ ബജറ്റ് 26.02.21 ലെ പഞ്ചായത്ത് കമ്മറ്റിയിൽ അവതരിപ്പിച്ചെങ്കിലും പാസാക്കിയില്ല. അടുത്ത കമ്മറ്റിയിൽ ചർച്ചകൾക്ക് ശേഷം ബജറ്റ് പാസാക്കുന്നതാണെന്ന് 26.02.21 ലെ കമ്മറ്റിയിൽ തീരുമാനിച്ചിരുന്നുവെങ്കിലും പിന്നീടുള്ള കമ്മറ്റികളിലൊന്നിലും ഈ അജണ്ട ഉൾപ്പെടുത്തിയിട്ടില്ല.

2.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

3. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. പല ഗ്രൂപ്പുകളും രണ്ട് തവണ കൂടിയിട്ടുണ്ടെങ്കിലും പലതിലും ഹാജർ മാത്രം. പലതിലും മിനിറ്റ്സ് ക്ലോസ് ചെയ്യുന്നമില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

4.ആസ്തികൾ സൃഷ്ടിക്കുന്നതിനായി വിവിധ വകുപ്പുകളിൽ/ഏജൻസികളിൽ തുകകൾ നിക്ഷേപിക്കുന്നുണ്ടെങ്കിലും സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നില്ല. മുൻ വർഷങ്ങളിൽ നിക്ഷേപിച്ച തുകകൾ നിലവിലും ചെലവഴിക്കാതെ നിലനിൽക്കുന്നു.

5. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ

കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

6.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ധാരാളം റോഡ് കോൺക്രീറ്റിംഗ്/ഓട നിർമ്മാണങ്ങൾ നടക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്തിട്ടുണ്ടോയെന്ന ഓഡിറ്റ് അന്വേഷണത്തിന്, നിലവിലുള്ള ആസ്തികളിലാണ് പ്രവൃത്തികൾ നടപ്പിലാക്കിയതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യാത്ത സാഹചര്യത്തിൽ ഇതിന്റെ നിജസ്ഥിതി ഉറപ്പ് വരുത്തുവാൻ കഴിയുന്നില്ല.

## 1-10 2021-2022 വർഷത്തെ ബജറ്റ് പാസാക്കിയിട്ടില്ല.

2021-2022 വർഷത്തെ ബജറ്റ് 26.02.21 ലെ പഞ്ചായത്ത് കമ്മറ്റിയിൽ അവതരിപ്പിച്ചെങ്കിലും പാസാക്കിയില്ല. അടുത്ത കമ്മറ്റിയിൽ ചർച്ചകൾക്ക് ശേഷം ബജറ്റ് പാസാക്കുന്നതാണെന്ന് 26.02.21 ലെ കമ്മറ്റിയിൽ തീരുമാനിച്ചിരുന്നുവെങ്കിലും പിന്നീടുള്ള കമ്മറ്റികളിലൊന്നിലും ഈ അജണ്ട ഉൾപ്പെടുത്തിയിരുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214(6) പ്രകാരം ബജറ്റ് പാസാക്കാതെ ഒര് തരത്തിലുള്ള ചെലവുകളും പഞ്ചായത്ത് ഫണ്ടിൽ നിന്നും നടത്തുവാൻ പാടുള്ളതല്ല. ബജറ്റ് പാസാക്കാതെ ചെലവുകൾ നടത്തിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/21-22), 2021 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ കോവിഡ് രണ്ടാം തരംഗം രൂക്ഷമായ കാലഘട്ടമായിരുന്നുവെന്നും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ മുഴുകിയത് കാരണം അടുത്ത കമ്മറ്റിയിൽ അജണ്ടയായി ചേർക്കാൻ വിട്ടുപോയി എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ബജറ്റ് പാസാക്കാതെ നടത്തിയ ചെലവ് താൽക്കാലികമായി തടസ്സപ്പെടുത്തുന്നു. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1-10 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 16935021 |
| 1-11 | ഭരണ ചെലവുകൾ | 964023 |
| 1-12 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 4689024 |
| 1-14 | പദ്ധതി ചെലവുകൾ ഉത്പാദന മേഖല | 8040184 |
| 1-14(A) | പദ്ധതി ചെലവുകൾ - സേവന മേഖല | 54083763 |
| 1-14(B) | പദ്ധതി ചെലവുകൾ - പശ്ചാത്തല മേഖല | 12973625 |
| 1-14(C) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 55738500 |
| 1-14(D) | സ്റ്റേറ്റ് സ്പോൺസേർഡ് സ്കീംസ് | 89242820 |
| 1-14(F) | മറ്റ് ഗ്രാന്റുകൾ - റവന്യൂ ചെലവുകൾ | 75000 |
| 1-15 | നിലത്തെഴുത്താശാൻ ഗ്രാന്റ് | 97000 |
| ആകെ | | 24,28,38,960 |

## 1-11 ഓഡിറ്റ് ഇംപാക്റ്റ്

ഓഡിറ്റ് റിപ്പോർട്ട് മുഖാന്തിരം ചൂണ്ടികാണിക്കുന്ന അപാകങ്ങൾ പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അതീവ ശ്രദ്ധ പുലർത്തുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വസ്തുനികുതി ഡിമാൻഡിൽ 11069 രൂപയുടെ വർദ്ധന

ഓഡിറ്റ് റിപ്പോർട്ട് വർഷം-2019-20

ഖണ്ഡിക1-11-3

20/678 എന്ന കെട്ടിടത്തിന്റെ അനധികൃതമായി നിർമ്മിച്ച ഭാഗത്തെക്കൂടി ഉൾപ്പെടുത്തി വസ്തുനികുതി പരിഷ്കരിച്ചതുമൂലം

ഗ്രാമപഞ്ചായത്തിന് വസ്തുനികുതി ഡിമാൻഡിൽ കുറവ് വന്നതായും അപാകം പരിഹരിക്കണമെന്നും ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു.ഗ്രാമപഞ്ചായത്ത് വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും രാധാകൃഷ്ണൻ , പുത്തൻവീട്ടിൽ എന്നയാളിൽ നിന്നും കെട്ടിടത്തിന്റെ പുതുക്കിയ പ്ലാൻ ലഭ്യമാക്കി ,136 രൂപ മാത്രമുണ്ടായിരുന്ന വസ്തുനികുതി 11205 രൂപയായി പുനനിർണ്ണയിച്ചിട്ടുള്ളതുമാകുന്നു. ഇത് മൂലം വസ്തുനികുതി ഡിമാൻഡിൽ 11069 രൂപയുടെ വർദ്ധനവുണ്ടായി.

തൊഴിൽ നികുതി - ദേവസ്വം ബോർഡ് ക്ഷേത്രജീവനക്കാരെ തൊഴിൽ നികുതി ചുമത്തി

ഓഡിറ്റ് റിപ്പോർട്ട് വർഷം-2019-20

ഖണ്ഡിക1-18

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ലായെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കുകയും 21-22 രണ്ടാം അർദ്ധവർഷം മുതലുള്ള തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ25000രൂപ ഗ്രാമപഞ്ചായത്ത് അക്കൌണ്ടിൽ വരവ് വന്നിട്ടുണ്ട്.(രസീത് നം-1210110076)

മേൽത്തരം തറനിർമ്മിതിക്കനുസൃതമായി വസ്തുനികുതി പരിഷ്കരിച്ചു.9111രൂപയുടെ നികുതി വർദ്ധിച്ചു.

ഓഡിറ്റ് റിപ്പോർട്ട് വർഷം-2020-21

ഖണ്ഡിക,1-11

ചില കെട്ടിടങ്ങളുടെ അടിസ്ഥാനവസ്തുനികുതിയിൽ ഉൾപ്പെടുത്തേണ്ട വർദ്ധനവുകൾ ഉൾപ്പെടുത്തിയല്ല വസ്തുനികുതി പരിഷ്കരിച്ചത് എന്ന് ഖണ്ഡിക 1-11 പ്രകാരം പരാമർശിച്ചിരുന്നു. സഞ്ചയഡേറ്റാ ബേസിലെ ഡേറ്റാപ്യൂരിഫിക്കേഷൻ ഉപയോഗിച്ച് 17/1/A എന്ന കെട്ടിടത്തിന്റെ വസ്തുനികുതി പുനനിർണ്ണയിക്കുക വഴി ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഡിമാൻഡിൽ 9111രൂപയുടെ വർദ്ധനവുണ്ടായി.

പാർക്കിംഗ് ഏരിയായി കംപ്ലീഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ ഭാഗം വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിച്ചു-ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് വസ്തുനികുതി നിർണ്ണയം നടത്തി

ഓഡിറ്റ് റിപ്പോർട്ട് വർഷം-2020-21

ഖണ്ഡിക- 1-11

പാർക്കിംഗ് ഏരിയ എന്ന നിലയിൽ കംപ്ലീഷൻ പ്ലാനിൽ ഉൾപ്പെടുത്തുകയും വസ്തുനികുതി നിർണ്ണയിക്കാതെ വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന 93.08ച.മീ കെട്ടിടത്തെ സംബന്ധിച്ചുള്ള പരാമർശം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് ഗ്രാമപഞ്ചായത്ത് സെല്ലാർ നിലയായി ടി ഭാഗം 4/449 C എന്ന നമ്പരിൽ നികുതി നിർണ്ണയിക്കുകയും കെട്ടിട ഉടമയായ ശ്രീ .ബിനു തങ്കച്ചൻ വർഗ്ഗീസ്, വിളയിൽ വേങ്ങയിൽ എന്നയാളെ 5585 രൂപ നികുതി ചുമത്തുകയും ചെയ്തിട്ടുണ്ട്.

## 1-12 വസ്തുനികുതി- മേൽത്തരം തറനിർമ്മിതിക്കനുസൃതമായി അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവ് വരുത്തിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ സാധാരണ തറയെന്ന നിലക്കാണ് കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൊസൈക്ക്, തറയോട്, സിമന്റ്, മൺതറ എന്നിങ്ങനെയാണ് സാധാരണ തറയെ ബന്ധപ്പെട്ട ചട്ടത്തിൽ വിശദമാക്കിയിട്ടുള്ളത്. വലിയ കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം വസ്തുക്കളാലാണെന്നിരിക്കെ സാധാരണതറ എന്ന നിലക്ക് രേഖപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി കുറയുന്നതിനിടയായിട്ടുണ്ട്. 8 കെട്ടിടങ്ങളുടെ പട്ടിക അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിലേക്കായി നൽകിയതിൽ മൂന്ന് കെട്ടിടങ്ങളുടെ തറനിർമ്മിതി കുറഞ്ഞതരമാണെന്ന് സെക്രട്ടറി അന്വേഷിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിലകൂടിയ വസ്തുക്കൾ ഉപയോഗിച്ച് തറനിർമ്മിച്ചിട്ടുള്ളതും തറനിർമ്മിതിക്കനുസൃതമായി നികുതി വർദ്ധനവ് ചുമത്തപ്പെടാത്തതുമായ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്-കെട്ടിട നം | കെട്ടിടത്തിന്റെ വിസ്തൃതി | കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി | ലഭിക്കേണ്ട നികുതി വർദ്ധനവ് |
|---|---|---|---|---|
| 1 | ജേക്കബ് തോമസ് | 327.1 | 22897 | 3434.55 |

| | | | | |
|---|---|---|---|---|
| | വയലിറക്കത്ത് കര്യാടിയിൽ ,പള്ളിക്കൽ, കറ്റാനം 7/258 A | | | |
| 2 | ജേക്കബ് തോമസ് വയലിറക്കത്ത് കര്യാടിയിൽ ,പള്ളിക്കൽ, കറ്റാനം 7/258 B | 366.18 | 25632.6 | 3844.8 |
| 3 | രഞ്ചി.റ്റി.ഉണ്ണി കളീക്കൽ തറയിൽ മഞ്ഞാടിത്തറ 3/508 D | 263.05 | 1578.3 | 236.75 |
| 4 | സുഭാഷ് വാസു ഗുരുദേവ ചാരിറ്റബിൾ ട്രസ്റ്റ് 15/33 A | 1115.53 | 55776.5 | 8366.475 |
| 5 | 17/252 B അജിത് കുമാർ അർജ്ജുനൻ കുമാരൻ ഐശ്വര്യ, കട്ടച്ചിറ, പള്ളിയ്ക്കൽ | 270.39 | 1622.34 | 243.351 |

ആകെ വാർഷിക വസ്തുനികുതി ഡിമാൻഡിൽ 16128 രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ഡേറ്റാ പ്യൂരിഫിക്കേഷൻ മുഖാന്തിരം വസ്തുനികുതിയിലുണ്ടായ പിഴവ് പരിഹരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-14/21-22 തീ. 02-02-23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി നിർണ്ണയത്തിലുണ്ടായ പിഴവ് തിരുത്തി കുറവ് വന്ന 16128 രൂപ ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി- റോഡ് സൗകര്യം പരിഗണിക്കാതെ ഇളവുകൾ അനുവദിച്ചു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 ൽ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും വിശദമാക്കുന്നു. ടി ചട്ടത്തിലെ പട്ടിക-2 കെട്ടിടത്തിലേക്കുള്ള വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതിയിളവ്/വർദ്ധനവ് അടിസ്ഥാന വസ്തുനികുതിയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുന്നു. 5 മീറ്ററോ അതിൽ കൂടുതലോ പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവും 1.5 മീറ്ററിൽ താഴെയുള്ള വഴി സൌകര്യമുള്ള കെട്ടിടങ്ങൾക്കും പൊതുവായ വഴി സൌകര്യം ഇല്ലാത്ത കെട്ടിടങ്ങൾക്കും യഥാക്രമം 10, 20 ശതമാനം ഇളവുകളും നിർദ്ദേശിക്കുന്നുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്ററിൽ താഴെവരെ വഴിസൌകര്യത്തിന് ഇളവുകളോ വർദ്ധനവോ ഇല്ല.

എന്നാൽ പരിശോധനയിൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള വഴി സൌകര്യത്തിൽ നിന്നും വ്യത്യസ്തമായ രീതിയിൽ സഞ്ചയയിൽ വഴി സൌകര്യം രേഖപ്പെടുത്തുന്നതിനാൽ നികുതി നിർണ്ണയത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. ചില കെട്ടിടങ്ങൾക്ക് 3 മീറ്റർ വഴി സൌകര്യം ഉണ്ടായിരുന്നിട്ടും 1.5 മീറ്ററിൽ താഴെ മാത്രമാണ് വഴി സൌകര്യം എന്നുരേഖപ്പെടുത്തി അടിസ്ഥാനവസ്തുനികുതിയിൽ 10 ശതമാനം ഇളവും അനുവദിക്കപ്പെട്ടു ചുവടെ ചേർക്കുന്ന പട്ടികയിലെ എല്ലാ കെട്ടിടങ്ങൾങ്ങൾക്കും 1.5 മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വഴി സൌകര്യം എന്ന നിലക്കാണ്

സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ നമ്പരും ഉടമയുടെ പേരും ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | റോഡിന്റെ വിസ്തൃതി |
|---|---|---|---|
| 1 | 2/28 A | ഹരി.ആർ,ഐക്കര, പള്ളിക്കൽ | 6 M Road |
| 2 | 10/713 A | ഉണ്ണികൃഷ്ണപിള്ള,സേതുലക്ഷമി, മേന കളീക്കൽ | 3 Road (1.5 M ൽ താഴെ എന്ന നിലയിൽ ഇളവ് നൽകി) |
| 3 | 3/508 D | രഞ്ചി.റ്റി.ഉണ്ണി, മഞ്ഞാടിത്തറയിൽ | 6m Road |
| 4 | 18/310 A | ബിനുമോൻ വി, അർച്ചന നായർ സി.എസ് | 6.6 M Road |
| 5 | 15/105 B | വിനോദ് ബാബു, വടക്കേതലക്കൽ | 5 M Road |
| 6 | 17/66 F | വിശ്വാസ്, വിശ്വഭവനം,പുതിയവിള | 3 Road(1.5 M ൽ താഴെ എന്ന നിലയിൽ ഇളവ് നൽകി) |
| 7 | 3/26 B | ലതീഷ്, ദീപ,മുണ്ടലേത്ത് | 6 M Road |
| 8 | 4/252 C | തോമസ് ജോർജ്, മറിയാമ്മ തോമസ്, പ്ലാവിളയിൽ | 5m Road |
| 9 | 2/293 A | സുഭാഷ്, ഗീതു, അക്ഷികം | 7 M Road |
| 10 | 16/201A | സുജ, അശ്വതി, സൌത്ത് മങ്കുഴി | 3 Road (1.5 M ൽ താഴെ എന്ന നിലയിൽ ഇളവ് നൽകി) |
| 11 | 2/153 A | സജീവ് ചെല്ലപ്പൻ, മായ സജീവ്, ശ്രീപദ്മം | PWD Road (8 M) |
| 12 | 17/294 A | പദ്മലത, ആനിയിലേത്ത്, സൌത്ത് മങ്കുഴി | 5m Road |
| 13 | 3/508 D | രഞ്ചി.റ്റി.ഉണ്ണി, മഞ്ഞാടിത്തറയിൽ | 6m Road |

അനധികൃതമായ നികുതി ഇളവുകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-18/21-22 തീ.03-02-23) ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനനിർണ്ണയിച്ചീടാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി-വലിയ ഷോപ്പുകൾ നടത്തുന്ന അനധികൃത നിർമ്മാണം സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തി വസ്തുനികുതി ചുമത്തുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിക്കുള്ളിൽ നിരവധി കെട്ടിടനിർമ്മാണസാമഗ്രികൾ സ്റ്റോക്ക് ചെയ്ത് വ്യാപാരം നടത്തുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വലിയ വിസ്തൃതിയിൽ നിർമ്മിതികളുള്ള ഈ സ്ഥാപനങ്ങളുടെ പല ഭാഗങ്ങളെയും

വസ്തുനികുതി ചുമത്തപ്പെടാതെപോകുന്ന അവസ്ഥ നിലവിലുണ്ട്. മേൽക്കൂര മാത്രമായുള്ള ഷെഡ്ഡുകളും പ്രധാന കെട്ടിടത്തിന്റെ നിർമ്മാണത്തിന് ശേഷം പിന്നീട് അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളും ഇക്കൂട്ടത്തിൽപെടുന്നുണ്ട്. ഓഡിറ്റ് ബാച്ചിന്റെ നിർദ്ദേശപ്രകാരം(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-08/21-22/തീ.02-02-23) ഗ്രാമപഞ്ചായത്ത് പരിധിയിലെ നാല് പ്രമുഖ ഗ്രാനൈറ്റ്, ടൈൽ ഷോപ്പുകളിൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ 2 എണ്ണത്തിൽ സഞ്ചയഡേറ്റാ ബേസിൽ നിന്നും വ്യത്യസ്തമായി നിർമ്മിതികൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു സ്ഥാപനം സഞ്ചയ ഡേറ്റാ ബേസുമായി കൃത്യത പാലിക്കുമ്പോൾ നാലാമത്തെ സ്ഥാപനം പരിശോധിക്കാനായി കഴിഞ്ഞില്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു,

| സ്ഥാപനത്തിന്റെ പേര് | പരിശോധനയിൽ കണ്ടെത്തിയ അധികനിർമ്മിതിയുടെ വിസ്തൃതി |
|---|---|
| ഐശ്വര്യ ടൈൽസ് | 270 ച.മീ |
| ന്യൂട്ടൺ സെറാമിക്സ് | 192.48 ച.മീ |
| അശ്വതി മാർബിൾസ് | പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയില്ല. |

ഓരോ ഷോപ്പുകളും ഉപയോഗിക്കുന്ന വിസ്തൃതി-ഷോറൂം, ഗോഡൌൺ തിരിച്ച് പരിശോധന വിധേയമാക്കേണ്ടതും യാതൊരു ഭാഗവും വസ്തുനികുതി ചുമത്തലിൽ നിന്നും ഒഴിവായിട്ടില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്. വിശദമായ പരിശോധന നടത്തി അനധികൃതമായ കെട്ടിടഭാഗങ്ങളെ വസ്തുനികുതി ചുമത്തി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-15 RCC മേൽക്കൂരയുള്ള കെട്ടിടത്തിനും വസ്തുനികുതിയിളവ് നൽകി

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6, പട്ടിക-4 പ്രകാരം ഓട്, ഷീറ്റ്, ഓല തുടങ്ങിയ കുറഞ്ഞതരം മേൽക്കൂരയിൽ നിർമ്മിച്ച കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 10ശതമാനം ഇളവ് അനുവദനീയമാണ്. എന്നാൽ കോൺക്രീറ്റ് മേൽക്കൂരയുള്ള കെട്ടിടങ്ങൾക്ക് ഇളവ് അനുവദിക്കാവുന്നതല്ല. അനൂപ് ഡി, അളകാപുരി, തെക്കേമങ്കുഴി എന്നയാളുടെ ഉടമസ്ഥതയിലുള്ള 16/71 A എന്ന നമ്പർ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ മേൽക്കൂര RCC ആണ്. എന്നാൽ ഈ കെട്ടിടത്തിന് കുറഞ്ഞ മേൽക്കൂരക്കുള്ള ഇളവ് നൽകിയാണ് വസ്തുനികുതി നിർണ്ണയിച്ചത്. വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള(നം-21/21-22 /തീ. 03-02-23) മറുപടിയിൽ ഡേറ്റാ എൻട്രി സമയത്ത് വന്ന പിഴവാണിതെന്നും പിഴവ് തിരുത്തി നികുതി ഈടാക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഡേറ്റാപ്യൂരിഫിക്കേഷൻ മുഖാന്തിരം വസ്തുനികുതിയിലുണ്ടായ പിഴവ് പരിഹരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. സമാനമായ പിഴവുകൾ ഡേറ്റാ എൻട്രി സമയത്ത് ഉണ്ടായിട്ടില്ലെന്ന് ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ജീവനക്കാരുടെ തൊഴിൽ നികുതി-ഡിമാൻഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അവരുടെ പേരിനോടൊപ്പം സൂചിപ്പിച്ചിരിക്കുന്ന അർദ്ധവർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി ഡിമാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല.

| ക്രമ നം | ഓഫീസിന്റെ പേര് | തൊഴിൽ നികുതി ചുമത്താത്ത അർദ്ധവർഷം |
|---|---|---|
| 1 | സബ് രജിസ്ട്രാർ ഓഫീസ്, ഭരണിക്കാവ് | ഒന്നാം അർദ്ധവർഷം |
| 2 | BSNL കറ്റാനം | രണ്ടാം അർദ്ധവർഷം |
| 3 | വി.ഇ.ഒ (ബ്ലോക്ക് പഞ്ചായത്ത്) | രണ്ടാം അർദ്ധവർഷം |
| 4 | വില്ലേജ് ഓഫീസ്, ഭരണിക്കാവ് | രണ്ടാം അർദ്ധവർഷം |
| 5 | വില്ലേജ് ഓഫീസ് , കറ്റാനം | രണ്ടാം അർദ്ധവർഷം |

തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് സെക്രട്ടറിക്ക് നൽകിയ

ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-19/21-22/തീ.03-02-23) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തപക്ഷം തൊഴിൽ നികുതി ഈടാക്കി രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി-ഡിമാൻഡ് രജിസ്റ്റർ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടില്ല

സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയതായി രേഖപ്പെടുത്തലുകളില്ല. ഈടാക്കാത്ത അർദ്ധവർഷം പേരിനൊപ്പം ചേർത്തിരിക്കുന്നു.

| ക്രമ നം | സ്ഥാപനം | തൊഴിൽ നികുതി ചുമത്താത്ത അർദ്ധവർഷം |
|---|---|---|
| 1 | കെ.എസ്.എഫ്.ഇ | II |
| 2 | മുത്തൂറ്റ് മൈക്രോഫിനാൻസ് ലിമിറ്റഡ് | I & II |
| 3 | പള്ളിക്കൽ KUCS | I & I I |
| 4 | കട്ടച്ചിറ KUCS | I |
| 5 | കൊശമറ്റം ഫിനാൻസ് | I |
| 6 | ടി എം ഹോസ്പിറ്റൽ | I & I I |
| 7 | കറ്റാനം KUCS | I & I I |
| 8 | പള്ളിക്കൽ നടുവിലേമുറി SCB No-965 | I |
| 9 | തെക്കേ മങ്കുഴി KUCS | II |

തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രസീത് നമ്പർ സഹിതം മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറിക്ക് നൽകിയ അന്വേഷണക്കുറിപ്പിന് (നം-19/21-22/തീ.03-02-23) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തപക്ഷം ഈടാക്കി രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-18 പഞ്ചായത്ത് താൽകാലിക ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി രേഖയില്ല

ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർ, ലൈബ്രേറിയൻ, ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരിൽ നിന്നും 21-22 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയതായി രേഖപ്പെടുത്തലുകളില്ല. സാക്ഷരത മിഷൻ പ്രേരക്കിൽ നിന്നും ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതായി രേഖപ്പെടുത്തലുകളില്ല. തൊഴിൽ നികുതി ചുമത്തിയിട്ടുണ്ടെങ്കിൽ രസീത് നമ്പർ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(19/21-22 തീ.03-02-23) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ഈടാക്കിയിട്ടില്ലെങ്കിൽ തൊഴിൽ നികുതി കുടിശ്ശിക പിഴ പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-19 തൊഴിൽ നികുതി-സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തുന്നില്ല

1994 ലെ കേരള പഞ്ചയത്ത് രാജ് നിയമം വകുപ്പ് 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല. നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.
(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-20/03-02-2023)

1)ഗാനം തീയേറ്റർ കോംപ്ലക്സ്( 4 തീയേറ്ററുകൾ), കറ്റാനം

2)ദേ കേക്ക് വേൾഡ് റസ്റ്റോറന്റ്, കറ്റാനം

3)മത്സ്യഫെഡ്, കറ്റാനം

4)പാണ്ട സൂപ്പർമാർക്കറ്റ്, കറ്റാനം

5) ഫോർച്ച്യൂൺ സൂപ്പർമാർക്കറ്റ്, കറ്റാനം

6) DDRC SRL ഡയഗ്നോസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ്, കറ്റാനം

ജീവനക്കാരെ തൊഴിൽ നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-20 തൊഴിൽനികുതി- ആധാരം എഴുത്ത് ഓഫീസുകളിലെ ജീവനക്കാരെ (Document Writers & Staff)തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഭരണിക്കാവ് സബ് രജിസ്ട്രാർ ഓഫീസിനോട് ചേർന്ന് നിരവധി ആധാരം എഴുത്ത് ഓഫീസുകൾ സ്ഥിതി ചെയ്യുന്നുണ്ട്. എന്നാൽ ഈ ആധാരം എഴുത്ത് ഓഫീസുകളിൽ ജോലിചെയ്യുന്നവരെ (Document Writers & Staff) തൊഴിൽ നികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. തൊഴിൽ ഡിമാൻഡ് ചെയ്യുതീടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പി (നം-17/03-02-23 ) നുള്ള മറുപടിയിൽ 22-23 രണ്ടാം അർദ്ധവർഷം മുതൽ ഈ വിഭാഗം തൊഴിലിടത്തെകൂടി ഡിമാൻഡിൽ ഉൾപ്പെടുത്തുന്നതാണെന്ന് സെക്രട്ടറി രേഖാമൂലം മറുപടി നൽകി. മറുപടി അംഗീകരിക്കുന്നു. ആധാരം എഴുതുന്നതിന് രജിസ്ട്രേഷൻ നേടി ജോലി ചെയ്യുന്ന എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുതീടാക്കേണ്ടതാണ്.

## 1-21 പൊതുമരാമത്ത് പ്രവൃത്തികളിലെ ഇ-ടെണ്ടർ ഫീസ് - വിശദാംശം ലഭ്യമാക്കിയില്ല

2020-21 സാമ്പത്തിക വർഷം ഇ-ടെണ്ടർ ഫീസിനത്തിൽ എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടവാക്കിയ തുകയുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(11/02.02.23) മറുപടി ഹാജരാക്കിയില്ല. 2015-16 മുതൽ നാളിതുവരെ ഒടുക്കിയ തുകകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശാനുസരണം തുടർ നടപടികൾ സ്വീകരിച്ചിട്ടുമില്ല. പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/ കുടുംബ പെൻഷൻ ലഭിക്കുന്നവർ സാമൂഹ്യസുരക്ഷാ പെൻഷൻ അനർഹമായി കൈപ്പറ്റി

സാമൂഹ്യപെൻഷൻ സംബന്ധിച്ച വിതരണ രേഖകളും സേവന പെൻഷൻ സോഫ്റ്റ് വെയറും പരിശോധിച്ചതിൽ നിന്നും സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/കുടുംബ പെൻഷൻ ലഭിക്കുന്ന ഉണഭോക്താക്കളിൽ ചിലർ അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ,

| ക്രമ നം | പെൻഷൻ ഐഡി നം | പേര് മേൽവിലാസം | പി.പി.ഒ നം & ട്രഷറി | പെൻഷൻ അനുവദിച്ച തീയതി മുതൽ സസ്പെൻഡ് ചെയ്യപ്പെട്ട തീയതി വരെ ഉള്ള തുക സേവന പ്രകാരം | തിരികെ അടവാക്കിയ തുക | ബാലൻസ് തുക |
|---|---|---|---|---|---|---|
| 1 | 104880101479 | കെസി ചെല്ലമ്മ കുന്നിൻമേൽത്തറ, പള്ളിക്കൽ , നടുവിലേമുറി.പി.ഒ | ലഭ്യമല്ല | 62300 | 0 | 62300 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 104880201244 | ജാനകി തണലാടി പുത്തൻവീട് പള്ളിയ്ക്കൽമുറി .പി.ഒ | മാവേലിയ്ക്കര | 43900 | 0 | 43900 |
| 3 | 104880601482 | സരസ്സമ്മ പടീറ്റതിൽ ഭരണിയ്ക്കാവ് തെക്ക് | KO14020/NAGമാവേലിയ്ക്കര | 47100 | 0 | 47100 |
| 4 | 104880600229 | സരസ്വതി സുകുമാരൻ നീരൊഴിക്കിനാൽ സുകുമാരവിലാസം, ഇലിപ്പക്കുളം | 11766061(KYC1809589) | 55200 | 0 | 55200 |
| 5 | 104880202043 | കെ.ജാനകി കുറുകത്തറ വടക്കതിൽ ,പള്ളിയ്ക്കൽ നടുവിലേമുറി | ലഭ്യമല്ല | 56500 | 0 | 56500 |
| 6 | 104880200481 | പൊന്നമ്മ കുറ്റിയിൽ | ലഭ്യമല്ല | 16500 | 0 | 16500 |
| 7 | 104880200272 | രുഗ്മിണി പ്ളാംമൂട്ടിൽ വീട് പള്ളിയ്ക്കൽ നടുവിലേമുറി | ലഭ്യമല്ല | 67200 | 0 | 67200 |
| 8 | 104880101619 | ലക്ഷ്മിക്കുട്ടി തിരുവിക്കൽ കട്ടച്ചിറ | ലഭ്യമല്ല | 41200 | 0 | 41200 |
| | | | | | ആകെ | 333400 |

ധനകാര്യവകുപ്പിന്റെ (എസ്.എഫ്.സി.സെൽ-ബി)23/01/2020 ലെ 07/2020 നം സർക്കുലർ പ്രകാരം സാമൂഹ്യസുരക്ഷാപെൻഷൻ അനർഹമായി കൈപ്പറ്റി വരുന്ന സർക്കാർ ജീവനക്കാർ/സർവ്വീസ് പെൻഷണർമാർ/കുടുംബപെൻഷണർമാർ എന്നിവരിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഫയൽ പരിശോധിച്ചതിൽ നിന്നും 27/03/21 തീയതിയിൽ മേൽ ഗുണഭോക്താക്കൾക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും തുക തിരിച്ചടയ്ക്കുകയോ കത്തിന് മറുപടി നൽകുകയോ ചെയ്തിട്ടില്ല. മേൽ പെൻഷണർമാരിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 23/04-02-23 ന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും തുടർന്നും ഗുണഭോക്താക്കൾക്ക് അറിയിപ്പ് നൽകി തുടർനടപടികൾ സ്വീകരിയ്ക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന് 333400/- രൂപയുടെ നഷ്ടമാണ് ഇതു മൂലമുണ്ടായിരിയ്ക്കുന്നത്. മേൽ ഗുണഭോക്താക്കൾ തുക തിരികെ അടയ്ക്കാത്തപക്ഷം റവന്യൂറിക്കവറി നടപടികൾ വഴി തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-23 CMLRRP-റോഡ് നിർമ്മാണത്തിന്റെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കണം

Chief Ministers Local Roads Rebuild Project (CMLRRP) ൽ ഉൾപ്പെടുത്തി പുനർനിർമ്മാണം നടത്തുന്ന കൊപ്രാപ്പുര-കാരാളിമുക്ക്-പാറക്കൽ ജംഗ്ഷൻ റോഡിന്റെ സർവ്വേക്കായി ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും റോഡ് ട്രാഫിക് സർവെ, സോയിൽ ടെസ്റ്റ്, റോഡ് ഡിസൈൻ എന്നിവ ചെയ്യുന്നതിനായി പണം ചെലവഴിച്ചിട്ടുണ്ട്. സർവ്വെ, സോയിൽടെസ്റ്റിംഗ് എന്നിവ നടത്തിയത് ആലപ്പുഴ കാർമ്മൽ എൻജിനീയറിംഗ് കോളേജാണ്. മരാമത്ത് വിഭാഗം അസി.എൻജിനീയറുടെ അഭ്യർത്ഥന പ്രകാരമാണ് വൌച്ചർ നം- 21100671 (ചെക്ക് നം- 013795/18-11-21/Kerala Grameen Bank) 31700 രൂപ ചെലവഴിച്ചത്. നിലവിലെ റോഡിന്റെ നിർമ്മാണത്തിന്റെ പുരോഗതി സംബന്ധിക്കുന്ന വിവരങ്ങൾ ഫയലിൽ ലഭ്യമായിരുന്നില്ല. നിർമ്മാണപുരോഗതി അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. 31700 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. സോയിൽ ടെസ്റ്റിന്റെ റിപ്പോർട്ട്, റോഡ് നിർമ്മാണത്തിന്റെ

വിശദാംശങ്ങൾ എന്നിവ ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-24 ടെൻഡർ പരസ്യങ്ങൾ -നിർദ്ദിഷ്ട വിൻഡോമാതൃകയിലും വലുപ്പത്തിലുമല്ല നൽകുന്നത്- പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നു.

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 എ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നടത്തിയ ടെൻഡർ, വാങ്ങലുകൾക്ക് നടത്തിയ പത്രപരസ്യങ്ങൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പത്രത്തിന്റെ പേര്-പരസ്യം ചെയ്ത തീയതി | വലുപ്പം | നിരക്ക് | ഡിസ്കൗണ്ട് | GST | നിർദിഷ്ടവലുപ്പത്തിൽ പരസ്യം ചെയ്തിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന ചെലവ് | ബിൽ തുക | വ്യത്യാസം (നിർദ്ദിഷ്ടവലുപ്പത്തിൽ പരസ്യം നൽകിയിരുന്നെങ്കിൽ ഗ്രാമപഞ്ചായത്തിനുണ്ടാകുമായിരുന്ന ലാഭം) |
|---|---|---|---|---|---|---|---|
| മാതൃഭൂമി ടെണ്ടർ പരസ്യം-കുടിവെള്ള വിതരണം-28-02-21 | 8x8 | 260 | 15% | 353.6+353.6 | 5570 | 14851 | 9281 |
| മാതൃഭൂമി ടെണ്ടർ പരസ്യം-വാഹനലേലം-08-08-20 | 8x5 | 260 | 15% | 221+221 | 5570 | 9282 | 9281 |
| മാതൃഭൂമി ടെണ്ടർ പരസ്യം-വൃദ്ധർക്ക് കട്ടിൽ 23-09-2020 | 8x5 | 260 | 15% | 221+221 | 5570 | 9282 | 9281 |

ഉദാഹരണങ്ങളിൽ ഉൾപ്പെടുത്തിയ പരസ്യങ്ങൾ നിർദ്ദിഷ്ടവലുപ്പത്തിൽ മാത്രത്തിൽ മാത്രം പരസ്യം നൽകുമായിരുന്നെങ്കിൽ 27843 രൂപ പഞ്ചായത്ത് ഫണ്ടിന് അധികചെലവ് ഉണ്ടാകുമായിരുന്നില്ല. ഭാവിയിൽ വിൻഡോ പരസ്യങ്ങൾ നിർദ്ദിഷ്ടവലുപ്പത്തിൽ മാത്രം പത്രപരസ്യമായി നൽകേണ്ടതും ഈ വിഷയത്തിൽ ഉണ്ടാകുന്ന അധിക ചെലവ് നിയന്ത്രിക്കേണ്ടതുമാണ്.

## 1-25 പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം - അംഗീകൃത പ്രോജക്റ്റിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കി.

കരാർ നം. 6/AE/14.12.2021

പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം എന്ന പദ്ധതിയിലുൾപ്പെടുത്തി മിനി എം.സി.എഫ് നിർമ്മാണമാണ് നടപ്പിലാക്കിയത്. പ്രോജക്റ്റിൽ നിർവ്വഹണം, ഐ.ആർ.റ്റി.സി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനാണ് തുക നൽകിയിട്ടുള്ളത്. അപാകതകൾ ,

1)അംഗീകൃത പ്രോജക്റ്റിൽ നിർവ്വഹണം, ഐ.ആർ.റ്റി.സി എന്നാണ് രേഖപ്പെടുത്തിയതെങ്കിലും കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനാണ് പദ്ധതി നടപ്പിലാക്കിയത്. പ്രോജക്റ്റിൽ നിന്നും വ്യതിചലിച്ച് കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ പദ്ധതിനിർവ്വഹണത്തിന് ചുമതലപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല.

2)മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം വാങ്ങൽ നടത്തിയിരിക്കുന്നു.

3)02/12/2016ലെ സ.ഉ.(സാധാ) നം 3299/2016/ത.സ്വ.ഭ.വ, ജി.ഒ.ആർ.ടി നം 13/2019/എസ്.പി.ഡി തീയതി 02/04/2019

എന്നീ ഉത്തരവുകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ ഒഴിവാക്കി നേരിട്ട് വാങ്ങാവുന്ന സാധനസാമഗ്രികൾ വിതരണ ഏജൻസികൾ (ആർട്ട്കോ, സിഡ്കോ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുതലായവ)സ്വയം നിർമ്മിക്കുന്നവ ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

4)കേരള ആഗ്രോ ഇൻഡസ്ടീസ് കോർപ്പറേഷന്റെ താഴെ പറയുന്ന തീയതികളിലെ ഇൻവോയിസുകൾ ഫയലിലുണ്ട്.

| ഇൻവോയിസ് തീയതി | തുക |
|---|---|
| 04.03.22 | 418428(6@59100) |
| 02.02.22 | 348690(5@) |
| 05.01.22 | 348690 |
| 17.01.22 | 348690 |

എന്നാൽ ചെക്ക് നം.756595/02/02/22, 756596/22/02/22 പ്രകാരം യഥാക്രമം 697380/-, 348690/- ( ആകെ-1046070) രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി ആകെ ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള വിശദാംശമോ ആകെ സ്ഥാപിച്ച എം.സി.എഫ് കളെത്രയെന്നോ വിശദീകരിച്ചിട്ടില്ല.

5)ഈ പദ്ധതിക്കായുള്ള തൻവർഷ ചെലവ് 1046070 രൂപയാണ് എന്നിരിക്കെ സുലേഖ ചെലവ് പത്രിക പ്രകാരം ആകെ ചെലവ് 697380 രൂപയാണ്. സുലേഖ ചെലവ് പത്രികയിൽ 348690 രൂപയുടെ ചെലവ് ഉൾപ്പെട്ടിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയില്ല. ആയതിനാൽ തൻവർഷ ചെലവ് 1046070 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 പൊതുമരാമത്ത് പ്രവൃത്തികൾ - യഥാസമയം കരാർ ചമച്ചില്ല

താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം കരാർ ചമച്ചില്ല. വിശദാംശം ചുവടെ,

| പ്രോജക്റ്റ് | സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ ചമക്കേണ്ടുന്ന തീയതി | കരാർ ചമച്ച തീയതി | പി.എ.സി /കരാറുകാരന്റെ പേര് | ഈടാക്കേണ്ടിയിരുന്ന പിഴ(1%) |
|---|---|---|---|---|
| കോയിക്കൽ വടക്ക് മാത്തൻകുളം റോഡ് മെയിന്റനൻസ്, 6/19 | 26/01/19 | 13/02/19 | 578571/- ചന്ദ്രശേഖരൻ | 5786 |
| കരിമുട്ടത്ത് ക്ഷേത്രം-ഭഗതിത്തര റോഡ് മെയിന്റനൻസ്, 35/20-21 | 22/09/20 | 24/09/20 | 718621.72 സുനിൽ കുമാർ.എസ് | 7186 |
| | | | | 12872 |

കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ

ചമക്കേണ്ടതാണ്. സെലക്ഷൻ നോട്ടീസ് കരാറുകാരൻ കൈപ്പറ്റിയിട്ടുണ്ടെങ്കിലും യഥാസമയം കരാർ ചമച്ചിട്ടില്ല. യഥാസമയം കരാർ ചമച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പി.എ.സി യുടെ 1% പിഴ ഈടാക്കിയാവണം കരാർ ചമയ്ക്കേണ്ടിയിരുന്നതെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. എഗ്രീഡ്. പി.എ.സി യുടെ 1% പിഴയായ 12872 രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. വൈകി കരാർ ചമയ്ക്കുവാനുണ്ടായ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/21-22) മറുപടി ഹാജരാക്കിയില്ല.

## 1-27 പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കപ്പെടുന്നില്ല - PWD മാനവൽ അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കപ്പെട്ടിട്ടില്ല.

താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല. കരാർ ചമച്ച് ഒരു വർഷത്തിന് ശേഷമാണ് പ്രവൃത്തി പൂർത്തീകരിച്ചത്. എന്നാൽ PWD മാനവൽ അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിച്ചിട്ടുമില്ല.

കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. PWD മാനവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. ലോക്ക് ഡൗണിന്റെ സാഹചര്യത്തിൽ പിഴ കൂടാതെ 6 മാസം കാലയളവ് ദീർഘിപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് അനുവദിച്ചിട്ടുമുണ്ട്. എന്നാൽ ടി കാലയളവ് അനുവദിച്ചാൽ പോലും പൂർത്തീകരിക്കേണ്ടിയിരുന്ന തീയതിയും കഴിഞ്ഞാണ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്.

| പ്രോജക്റ്റ് | കരാർ നം./കരാറുകാരുടെ പേര് | പി.എ.സി | പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ, 3% |
|---|---|---|---|---|---|
| വിവിധ അങ്കണവാടികളുടെ മെയിന്റനൻസ്, S0116/22 | കരാർ നം.8/AE /11.09.20<br>അരുൺ രമേഷ് | 421293.81 | 25/02/21 | 26/03/22 | 12639 |
| കോയിക്കൽ വടക്ക് മാത്തൻകുളം റോഡ് മെയിന്റനൻസ്, 6/19 | 35/AE/13.02.2019<br>ചന്ദ്രശേഖരൻ ഉണ്ണിത്താൻ<br>RE Dt 23.11.19 | 578571 | 12/08/19 | 27/03/21 | 17357 |
| പായിക്കാട്ടുമുക്ക് NSS കരയോഗം റോഡ്, കൾവർട്ട് | 5/AE/03/09/20<br>സുഹൈബ്.എം.എ<br>RE Dt 24/02/21 | 864761.6 | 02/12/20 | 29/03/22 | 25943 |
| | | | | | 55939 |

PWD മാനവൽ അനുശാസിക്കും പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/21-22), മറുപടി ഹാജരാക്കിയില്ല. PWD മാനവൽ അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-28 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ പ്രവൃത്തികളിൽ നിന്നും നികുതി ഈടാക്കിയില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തൻവർഷം 41 മെറ്റീരിയൽ പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട്. 2019-20, 20-21 വർഷങ്ങളിലായി കരാർ ചമച്ചതും എന്നാൽ 20-21 , 21-22 വർഷങ്ങളിലുമായി നടപ്പിലാക്കിയ പദ്ധതികൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്. പ്രവൃത്തികളിൽ ഓട നിർമ്മാണവും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുമാണ് നടന്നത്. 41 പ്രവൃത്തികൾ രണ്ട് കരാറുകാർ മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്.

ടി പ്രവൃത്തികളിൽ ആവശ്യമായ ക്വാറിമക്കം, ഗ്രഡ് എർത്തും മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജിഎസ്ടി കുറവ് ചെയ്തിട്ടില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30/07/19 ൽ പുറപ്പെടുവിച്ചിട്ടുള്ള

നം.957/ഇജിഎസ്സ്/16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൂടാതെ, 1961 ലെ ഇൻകം ടാക്സ് ആക്റ്റിലെ സെക്ഷൻ 194 (C) പ്രകാരം 30000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ ,വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്.(ഇൻകം ടാക്സ് കമ്മീഷണറുടെ 13-05-20 ലെ നിർദ്ദേശപ്രകാരം 14-05-20 മുതൽ 31-05-21 വരെ വ്യക്തികളാണെങ്കിൽ 0.75% ഉം സ്ഥാപനങ്ങളാണെങ്കിൽ 1.5% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തിയാൽ മതി.ആയത് പിന്നീട് 31-03-22 വരെ നീട്ടി നൽകി) എന്നാൽ ഗ്രാമ പഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ചിട്ടുള്ള മെറ്റീരിയൽ പ്രവർത്തികളിൽ കരാറുകാരനിൽ നിന്നും ഇപ്രകാരം കിഴിവ് വരുത്താതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

| ക്രമ നം | കരാറുകാരന്റെ പേര് | നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം | മെറ്റീരിയൽസ് വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി (0.75%/1.5% ) | ഈടാക്കേണ്ട ജിഎസ്സ്ടി(2%) |
|---|---|---|---|---|---|
| 1 | ഷമീർ മോൻ.ബി, ഉണിച്ചേരിൽ അസോസിയേറ്റ്സ്, വള്ളികുന്നം | 32 | 9667264.24 | 72505 | 193345 |
| 2 | ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി, പുള്ളിക്കണക്ക് പി.ഒ കായംകുളം | 9 | 1507940.01 | 22619 | 30159 |
| | | | 11175204.25 | 95124 | 223504 |

മേൽ പരാമർശിച്ച നികുതികൾ കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതാണ്.

## 1-29 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പൊതു അപാകതകൾ

ഓട നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ് എന്നിവയുൾപ്പെടെ 41 മെറ്റീരിയൽ വർക്കുകൾക്ക് തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. അനുബന്ധ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതു അപാകതകൾ താഴെ കൊടുക്കുന്നു.

1. ടെണ്ടർ നടപടികൾ സുതാര്യമല്ല.

19-20 വർഷം ടെണ്ടർ നടപടികൾ സ്വീകരിക്കുകയും 20-21 ൽ കരാർ ഏറ്റെടുത്ത് 20-21, 21-22 വർഷങ്ങളിലായി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം താഴെ കൊടുക്കുന്നു. ടെണ്ടർ പരസ്യം നൽകുകയും സൈറ്റിൽ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും മതിയായ മത്സരം ഉറപ്പ് വരുത്താതെയാണ് പ്രവൃത്തികൾ കരാറുകാരനെ ഏൽപ്പിച്ചിട്ടുള്ളത് എന്ന് കണ്ടു. 51 പ്രവൃത്തികൾ ഒരു കരാറുകാരന് തന്നെയാണ് നൽകിയിട്ടുള്ളത്. തന്നെയുമല്ല എസ്റ്റിമേറ്റ് നിരക്കിലാണ് കരാർ ചമച്ചിട്ടുള്ളതും.

| ടെണ്ടർ നം. | മെറ്റീരിയൽസിന്റെ മൂല്യം | പ്രവൃത്തികളുടെ എണ്ണം | കരാറുകാരുടെ വിശദാംശം |
|---|---|---|---|
| G125126/20 | 6836570 | 23 | ജില്ലാ ലേബർ കോൺട്രാക്റ്റ് ടെക്നിക് കോപ്പറേറ്റീവ് സൊസൈറ്റി |
| G125123/20 | 7395291.945 | 25 | ഷമീർ മോൻ.ബി, |
| G125125/20 | 7027088 | 26 | ഷമീർ മോൻ.ബി, |
| | | 74 | |

2.ആകെ 74 പ്രവൃത്തികൾക്കാണ് കരാർ ചമച്ചതെങ്കിലും 37 പ്രവൃത്തികൾ നിലവിലും (2/23) ആരംഭിച്ചിട്ടില്ല. ഒരു മാസമാണ് കരാർ കാലയളവ് എങ്കിലും അതൊന്നും പാലിക്കപ്പെടുന്നില്ല.

3. നിശ്ചിത മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമക്കുന്നില്ല.

ടെണ്ടറിലെ നിർദ്ദേശാനുസരണം ഓരോ പ്രവൃത്തികൾക്കും പ്രത്യേകമായി 200 രൂപ മുദ്രപത്രത്തിൽ കരാർ ചമച്ചിട്ടുണ്ട്. കേരള സ്റ്റാമ്പ് ആക്റ്റ് പ്രകാരം കരാർ തുകയുടെ 0.1% മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ വെക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

4.ഗ്രാമപഞ്ചായത്തിൽ ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5.പ്രവൃത്തികളുടെ എം ബുക്കിൽ മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ തുക പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ രേഖപ്പെടുത്തലുകൾ അസി.സെക്രട്ടറി, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറകടറുടെ 14.9.2018ലെ 2579/EGS-C/17/REGS നടപടിക്രമം അനുസരിച്ച് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് കുടുംബശ്രീ സംരംഭ ഗ്രൂപ്പിനെ ഏൽപ്പിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ തെരഞ്ഞെടുക്കുന്ന ഗ്രൂപ്പുകൾക്ക് പരിശീലനം ലഭ്യമാക്കണമെന്നും തൊഴിലുറപ്പ് പദ്ധതിയുടെ എംബ്ലം ടൈലുകളിൽ പതിച്ചശേഷം പ്രസ്തുത ടൈൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡിൽ ഒട്ടിച്ച് വെക്കണമെന്നും ആയതിനുള്ള പരിശീലനം നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്ന കരാറുകാരന് തന്നെയാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡിന്റെ തുകയും അനുവദിച്ചിട്ടുള്ളത്.

7. ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്തിട്ടുണ്ടോയെന്ന ഓഡിറ്റ് അന്വേഷണത്തിന്, നിലവിലുള്ള ആസ്തികളിലാണ് പ്രവൃത്തികൾ നടപ്പിലാക്കിയതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യാത്ത സാഹചര്യത്തിൽ ഇതിന്റെ നിജസ്ഥിതി ഉറപ്പ് വരുത്തുവാൻ കഴിയുന്നില്ല.
മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് സുതാര്യത ഉറപ്പാക്കി നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല.

പഞ്ചായത്തിൽ നിർവഹിക്കപ്പെടുന്ന വിവിധ ടാറിംഗ് പ്രവൃത്തികളുടെ ആകെ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയായി 18% ജി.എസ്.ടി ഉൾപ്പെടെ 238+18%= 281 രൂപ ഈടാക്കുന്നുണ്ടെങ്കിലും ജി.എസ്.ടി തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ലായെന്ന് കാണുന്നു. പെനാൽറ്റീസ് ആന്റ് ഫൈൻസ് എന്ന ഹെഡിലാണ് ബിറ്റുമിൻ ജി.എസ്.റ്റി ഒടുക്കിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് | കരാറുകാരന്റെ പേര് | ബിറ്റുമിൻ ജി.എസ്.ടി |
|---|---|---|
| അമ്പാടി മുക്ക് കണ്ണകാര റോഡ് മെയിന്റനൻസ് | മാത്യു.റ്റി.ജി | 1286 |
| കരിമുട്ടത്ത് ക്ഷേത്രം-ഭഗതിത്തര റോഡ് മെയിന്റനൻസ്, 35/20-21 | സുനിൽ കുമാർ.എസ് | 856 |
| തൈക്കാവ് പായിക്കാട്ടേത്ത് മുക്ക് റോഡ് മെയിന്റനൻസ് | ഷുഹൈബ്.എം.എ | 499 |

| | | |
|---|---|---|
| | | 2641 |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/21-22), മറുപടി ഹാജരാക്കിയില്ല. പെനാൽറ്റീസ് ആന്റ് ഫൈൻസ് എന്ന ഹെഡിൽ ഒടുക്കുന്ന തുകകൾ വാർഷിക കണക്കിൽ ലയബിലിറ്റി ആയി ഉൾപ്പെടില്ല. ആയതിനാൽ ഇപ്രകാരം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 പി.എച്ച്.സി മരുന്നുകൾ ലഭ്യമായില്ല

പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 1874000/- രൂപ കേരള മെഡിയ്ക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേയ്ക്ക് ഇൻവോയ്സ് നമ്പർ പി.ആർ.എഫ് 3364/-16/11/2021 പ്രകാരം അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.011/22 |
| പ്രോജക്ട് | പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 1874000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ഇൻവോയ്സ് നമ്പർ | പി.ആർ.എഫ് 3364/-16/11/2021 |
| ചെലവ് | 1874000/-<br>ബി.ആർ.നമ്പർ 21070852005500681692/21-22/22-11-21=778828<br>ബി.ആർ.നമ്പർ 21070852005500339865/21-22/25-08-21=521172<br>ബി.ആർ.നമ്പർ 210708520055001158303/21-22/19-02-22=574000 |

ടി തുക പൂർണ്ണമായും കേരള മെഡിയ്ക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്. എന്നാൽ 1541545/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. വിശദവിവരങ്ങൾ ചുവടെ

| ക്രമ നം | ഇൻവോയിസ് നം | ബിൽതുക |
|---|---|---|
| 1 | 0178/10-07-21 | 48000 |
| 2 | 019/15-07-21 | 473172 |
| 3 | 15389/31-03-22 | 93966 |
| 4 | 95/02-04-22 | 31298 |
| 5 | 3080/29-05-22 | 215910 |
| 6 | 5502/03-07-22 | 68908 |
| 7 | 13073/06-10-22 | 29180 |
| 8 | 14463/20-10-22 | 8725 |
| 9 | 16008/04-11-22 | 35370 |
| 10 | 16717/10-11-22 | 32423 |
| 11 | 15041/16-03-22 | 43147 |
| 12 | 1036/24-04-22 | 25490 |
| 13 | 1034/24-04-22 | 59973 |
| 14 | 3983/08-06-22 | 65046 |
| 15 | 5395/02-07-22 | 220146 |
| 16 | 6769/26-07-22 | 71510 |
| 17 | 10200/03-09-22 | 159 |
| 18 | 14941/26-10-22 | 8872 |
| 19 | 16369/08-11-22 | 10250 |
| | ആകെ | 1541545 |

332455 രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.015/22 |
| പ്രോജക്ട് | വൃക്ക-ക്യാൻസർ രോഗികളുടെ പരിപാലനം |

| | |
|---|---|
| അടങ്കൽ | 800000<br>(300000(തനത് ഫണ്ട്)+500000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ഇൻവോയ്സ് നമ്പർ | പി.ആർ.എഫ് 3738/- 01/12/2021 |
| ചെലവ് | 800000/-<br>ബിൽ നമ്പർ 08/21-22/20/12/22=500000<br>ബിആർ നമ്പർ 210708520055001/21-22 /19-02-22=300000 |

ടി തുക പൂർണ്ണമായും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്. എന്നാൽ 535244/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. വിശദവിവരങ്ങൾ ചുവടെ

| ക്രമ നം | ഇൻവോയിസ് നം | ബിൽതുക |
|---|---|---|
| 1 | 12710/09-02-22 | 108616 |
| 2 | 13131/16-02-22 | 14789 |
| 3 | 15340/30-03-22 | 85082 |
| 4 | 13456/18-02-22 | 270557 |
| 5 | 61/02-04-22 | 35933 |
| 6 | 2155/16-05-22 | 6933 |
| 7 | 9170/24-08-22 | 7180 |
| 8 | 14660/22-10-22 | 6154 |
| | ആകെ | 535244 |

265756 രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ പദ്ധതികളിലെ മുഴവൻ തുകയുടെയും മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 12/02-02-23ന് മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കുന്നവരെയും ടി പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച 598211 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
(എസ്.011/22,പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ-332455 രൂപയുടെ ചെലവ് )
(എസ്.015/22വൃക്ക-ക്യാൻസർ രോഗികളുടെ പരിപാലനം 265756 രൂപയുടെ ചെലവ് ),

## 1-32 ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുകൾ ലഭ്യമായില്ല

ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 3,00,000/- രൂപ കേരള സംസ്ഥാന ഹോമിയോപ്പതിയ്ക്ക് ഫാർമസി ലിമിറ്റഡ് (ഹോംകോ) എന്ന സ്ഥാപനത്തിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.00 43/22 |
| പ്രോജക്ട് | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 3,00,000<br>(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ഇൻവോയ്സ് നമ്പർ | എൽ എഫ് 1107/03-12-21 |
| ചെലവ് | 300,000/-<br>ട്രഷറി ബിൽ നം 2/05-01-22 |

ടി തുക പൂർണ്ണമായും കേരള സംസ്ഥാന ഹോമിയോപ്പതിയ്ക്ക് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം -34306403911) ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ ഇതു വരെയും 146388/-രൂപയുടെ (ഇൻവോയിസ് നം.എൽ.എഫ് 329/13-06-22) മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി തുകയുടെ (153612/-) മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 3/29/01/22 ന് നൽകിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നത് വരെ ടി പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 153612/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 ലൈഫ് ഭവനപദ്ധതി

1)ലൈഫ് ഭവനപദ്ധതി പ്രകാരം 2022 വരെ ആകെ 208 ഗുണഭോക്താക്കളാണ് ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടത്. 179 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജനറൽ വിഭാഗത്തിൽ 85 പേരും എസ്.സി വിഭാഗത്തിൽ 123 പേരും, ഭവനനിർമ്മാണം പൂർത്തീകരിച്ചതാണ്. ഭവനനിർമ്മാണം പൂർത്തിയാക്കാത്തതായി 29 ഗുണഭോക്താക്കളുണ്ട്. ഭവനനിർമ്മാണം പൂർത്തിയാക്കാത്ത 29 പേരുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പേര് മേൽവിലാസം | ജനറൽ /എസ് സി | പണി പൂർത്തീകരിച്ച സ്റ്റേജ് | നൽകിയ ആകെ തുക |
|---|---|---|---|---|
| 1 | ശാന്ത.കെ കോട്ടയ്ക്കകത്ത് വിശാൽ ഭവനം | ജനറൽ | മേൽക്കൂര | 300000 |
| 2 | മോനിഷ പോക്കാട്ടുവിള കളത്തിൽ | എസ് സി | മേൽക്കൂര | 300000 |
| 3 | അംബിക അജയൻ, അഖിൽ ഭവനം | എസ് സി | മേൽക്കൂര | 300000 |
| 4 | ശ്യാമള കൊന്നക്കാട്ട് | എസ് സി | മേൽക്കൂര | 300000 |
| 5 | രാധ രാഘവൻ, ചിറയരുകിൽ | എസ് സി | മേൽക്കൂര | 300000 |
| 6 | ശോഭ ശിവഗിരി | എസ് സി | അടിത്തറ | 40000 |
| 7 | ദിവ്യ.ബി,തേക്കിനാഴി താഴ്ച്ചയിൽ | എസ് സി | അടിത്തറ | 40000 |
| 8 | ലീല വല്യേഴത്ത് കോടംവിളിയിൽ | എസ് സി | അടിത്തറ | 40000 |
| 9 | ശശികല കൈലാസം | എസ് സി | മേൽക്കൂര | 200000 |
| 10 | സതി ഇരുട്ടിപണത്തറയിൽ | എസ് സി | മേൽക്കൂര | 300000 |
| 11 | രാജി ഇരുട്ടിപണത്തറയിൽ | എസ് സി | മേൽക്കൂര | 300000 |
| 12 | ഗീത.പി.കെ, സുരേഷ് ഭവനം | എസ് സി | മേൽക്കൂര | 300000 |
| 13 | പൊന്നമ്മ, താങ്കുഴി പടീറ്റതിൽ | എസ് സി | അടിത്തറ | 40000 |
| 14 | പ്രദീപ് വേളൂരത്ത് | എസ് സി | ലിന്റൽ | 300000 |
| 15 | സത്യപതി സജനാലയം | എസ് സി | മേൽക്കൂര | 300000 |
| 16 | ലേഖ രാജൻ,ചിറയരുകിൽ, പുത്തൻവീട് | എസ് സി | മേൽക്കൂര | 300000 |
| 17 | ബിന്ദു രതീഷ്, ഇരുപതിൽ ചിറ | എസ് സി | അടിത്തറ | 40000 |
| 18 | സുഭാഷ് പുണർതം | എസ് സി | ലിന്റൽ | 200000 |
| 19 | ശാരിക മേനക്കോട്ട് | എസ് സി | മേൽക്കൂര | 300000 |
| 20 | ശ്രീകല രാജീവ്, രാജീവ് നിവാസ് | എസ് സി | ലിന്റൽ | 200000 |
| 21 | ജാനകി താന്നവേലിൽ | എസ് സി | അടത്തറ | 40000 |
| 22 | കാർത്യായനി, ആമ്പനാട്ട് തെക്കേതിൽ | എസ് സി | പണി ആരംഭിച്ചിട്ടില്ല (പുതിയ | 40000 |

| | | | | |
|---|---|---|---|---|
| | | | എഗ്രിമെന്റ്) | |
| 23 | അജിത, വഞ്ചിയിൽ പുത്തൻ വീട് | എസ് സി | അടിത്തറ | 40000 |
| 24 | ആതിര വിശ്വൻ, ശ്രീരാജ് ഭവനം | എസ് സി | അടിത്തറ | 40000 |
| 25 | ഇന്ദിര, പുത്തൻകണ്ടത്തിൽ | എസ് സി | ലിന്റൽ | 200000 |
| 26 | സരസമ്മ പടിപ്പുരയ്ക്കൽ | എസ് സി | ലിന്റൽ | 200000 |
| 27 | ജാനമ്മ, സജിൻ ഭവനം | എസ് സി | പണി ആരംഭിച്ചിട്ടില്ല (പുതിയ എഗ്രിമെന്റ്) | 40000 |
| 28 | സുനിത, മിഥിലയം | എസ് സി | പണി ആരംഭിച്ചിട്ടില്ല (പുതിയ എഗ്രിമെന്റ്) | 40000 |
| 29 | അനിത, ആദിത്യനിവാസ് | എസ് സി | പണി ആരംഭിച്ചിട്ടില്ല (പുതിയ എഗ്രിമെന്റ്) | 40000 |

ഭവനപദ്ധതി പൂർത്തീകരിയ്ക്കാത്ത/തുടങ്ങാത്ത ഗുണഭോക്താക്കൾക്ക് നേരിട്ടും നോട്ടീസ് മുഖേനയും ഭവനനിർമ്മാണം തുടങ്ങേണ്ടതാണെന്നും, അല്ലാത്തപക്ഷം കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടയ്ക്കണമെന്നും അറിയിക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റിന്റെയും മെമ്പർമാരുടെയും സാന്നിധ്യത്തിൽ ഗുണഭോക്താക്കളെ വിളിച്ചുകൂട്ടി അവരുടെ പ്രശ്നങ്ങൾ അറിയുകയും ആയതിന്റെ അടിസ്ഥാനത്തിൽ സന്നദ്ധസംഘടനകളുടെയും വാർഡ് സമിതികളുടെയും സഹകരണത്തോട് കൂടി ആവശ്യമായ സഹായങ്ങൾ നൽകി ഭവനനിർമ്മാണം പൂർത്തീകരിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഗൃഹനിർമ്മാണം തുടങ്ങാത്ത ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) സ്ഥലം വാങ്ങൽ പദ്ധതിയിൽ 2021 -22 സാമ്പത്തിക വർഷം 28 പേർക്ക് സ്ഥലം വാങ്ങി നൽകി. ഇതിൽ 5 പേർ സ്ഥലം വാങ്ങി മറ്റു പഞ്ചായത്തിൽ പോവുകയും, 20 പേർ എഗ്രിമെന്റ് വെയ്ക്കുകയും 19 പേർ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കുകയും ചെയ്തു വീടുപണി പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പേര് മേൽവിലാസം | ജനറൽ/എസ് സി | റിമാർക്സ് |
|---|---|---|---|
| 1 | തമ്പി,കുന്നേത്ത് പുത്തൻ വീട് | ജനറൽ | ലിന്റൽ വരെ പൂർത്തീകരിച്ചു |
| 2 | ഭാനു വിക്രമൻ വിളയിൽ കിഴക്കതിൽ | ജനറൽ | വസ്തു പേരിൽക്കൂട്ടി കരം അടച്ചു. കാഴ്ച വൈകല്യം ഉള്ളതിനാൽ സന്നദ്ധ സംഘടനയുടെ സഹായത്തോടെ പണി ആരംഭിയ്ക്കാമെന്ന് അറിയിച്ചിട്ടുണ്ട്. എന്നാണ് അറിയിച്ചിരിയ്ക്കുന്നത് വീട്ടു പണി ആരംഭിച്ചിട്ടില്ല |
| 3 | മീനാക്ഷി കുഴിക്കാല കിഴക്കതിൽ | ജനറൽ | വസ്തു പേരിൽ കൂട്ടി കരം അടച്ചിട്ടുണ്ട്. പണി ആരംഭിച്ചിട്ടില്ല. |
| 4 | ശാന്തമ്മ പരിയാരത്തുവിള | ജനറൽ | വസ്തു പേരിൽ കൂട്ടി കരം അടച്ചിട്ടുണ്ട്. വീട്ടു പണി ആരംഭിച്ചിട്ടില്ല. |

മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തുനികുതി-മേൽത്തരം തറനിർമ്മിതിക്കനുസൃതമായ വർദ്ധനവ് ഉൾപ്പെടുത്താതെയുള്ള നികുതി നിർണ്ണയം -വസ്തുനികുതി ഡിമാൻഡിൽ 16128 രൂപയുടെ കുറവ്

2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ സാധാരണ തറയെന്ന നിലക്കാണ് കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൊസൈക്ക്, തറയോട്, സിമന്റ്, മൺതറ എന്നിങ്ങനെയാണ് സാധാരണ തറയെ വിശദമാക്കിയിട്ടുള്ളത്. വലിയ കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം വസ്തുക്കളാലാണെന്നിരിക്കെ സാധാരണതറ എന്ന നിലക്ക് രേഖപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി കുറയുന്നതിനിടയായിട്ടുണ്ട്. 8 കെട്ടിടങ്ങളുടെ പട്ടിക അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിലേക്കായി നൽകിയതിൽ മൂന്ന് കെട്ടിടങ്ങളുടെ തറനിർമ്മിതി കുറഞ്ഞതരമാണെന്ന് സെക്രട്ടറി അന്വേഷിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിലകൂടിയ വസ്തുക്കൾ ഉപയോഗിച്ച് തറനിർമ്മിച്ചിട്ടുള്ളതും തറനിർമ്മിതിക്കനുസൃതമായി നികുതി വർദ്ധനവ് ചുമത്തപ്പെടാത്തതുമായ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്-കെട്ടിട നം | കെട്ടിടത്തിന്റെ വിസ്തൃതി | കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി | ലഭിക്കേണ്ട നികുതി വർദ്ധനവ് |
|---|---|---|---|---|
| 1 | ജേക്കബ് തോമസ് വയലിറക്കത്ത് കര്യാടിയിൽ ,പള്ളിക്കൽ, കറ്റാനം 7/258 A | 327.1 | 22897 | 3434.55 |
| 2 | ജേക്കബ് തോമസ് വയലിറക്കത്ത് കര്യാടിയിൽ ,പള്ളിക്കൽ, കറ്റാനം 7/258 B | 366.18 | 25632.6 | 3844.8 |
| 3 | രഞ്ചി.റ്റി.ഉണ്ണി കളീക്കൽ തറയിൽ മഞ്ഞാടിത്തറ 3/508 D | 263.05 | 1578.3 | 236.75 |
| 4 | സുഭാഷ് വാസു ഗുരുദേവ ചാരിറ്റബിൾ ട്രസ്റ്റ് 15/33 A | 1115.53 | 55776.5 | 8366.475 |

| | | | | |
|---|---|---|---|---|
| 5 | 17/252 B<br>അജിത് കുമാർ അർജ്ജുനൻ കുമാരൻ<br>ഐശ്വര്യ, കട്ടച്ചിറ, പള്ളിയ്ക്കൽ | 270.39 | 1622.34 | 243.351 |

ആകെ തൻ വാർഷിക വസ്തുനികുതി ഡിമാൻഡിൽ 16128 രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ഡേറ്റാ പ്യൂരിഫിക്കേഷൻ മുഖാന്തിരം വസ്തുനികുതിയിലുണ്ടായ പിഴവ് പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി നിർണ്ണയത്തിലുണ്ടായ പിഴവ് തിരുത്തി കുറവ് വന്ന 16128 രൂപ ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/ കുടുംബ പെൻഷൻ ലഭിയ്ക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷാ പെൻഷൻ സംബന്ധിച്ച്

സാമൂഹ്യപെൻഷൻ സംബന്ധിച്ച വിതരണ രേഖകളും സേവന പെൻഷൻ സോഫ്റ്റ് വെയറും പരിശോധിച്ചതിൽ നിന്നും സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/കുടുംബ പെൻഷൻ ലഭിയ്ക്കുന്ന ഗുണഭോക്താക്കളിൽ ചിലർ അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ,

| ക്രമ നം | പെൻഷൻ ഐഡി നം | പേര് മേൽവിലാസം | പി.പി.ഒ നം & ട്രഷറി | പെൻഷൻ അനുവദിച്ച തീയതി മുതൽ സസ്പെൻഡ് ചെയ്യപ്പെട്ട തീയതി വരെ ഉള്ള തുക സേവന പ്രകാരം | തിരികെ അടവാക്കിയ തുക | ബാലൻസ് തുക |
|---|---|---|---|---|---|---|
| 1 | 104880101479 | കെസി ചെല്ലമ്മ കുന്നിൻമേൽത്തറ, പള്ളിയ്ക്കൽ , നടുവിലേമുറി.പി.ഒ | ലഭ്യമല്ല | 62300 | 0 | 62300 |
| 2 | 104880201244 | ജാനകി തണലാടി പുത്തൻവീട് പള്ളിയ്ക്കൽമുറി .പി.ഒ | മാവേലിയ്ക്കര | 43900 | 0 | 43900 |
| 3 | 104880601482 | സരസ്സമ്മ പടീറ്റതിൽ ഭരണിയ്ക്കാവ് തെക്ക് | KO14020/NAGമാവേലിയ്ക്കര | 47100 | 0 | 47100 |
| 4 | 104880600229 | സരസ്വതി സുകുമാരൻ നീരൊഴിക്കിനാൽ സുകുമാരവിലാസം, ഇലിപ്പക്കുളം | 11766061(KYC1809589) | 55200 | 0 | 55200 |

| | | | | | | |
|---|---|---|---|---|---|---|
| 5 | 104880202043 | കെ.ജാനകി കുറുകത്തറ വടക്കതിൽ ,പള്ളിയ്ക്കൽ നടുവിലേമുറി | ലഭ്യമല്ല | 56500 | 0 | 56500 |
| 6 | 104880200481 | പൊന്നമ്മ കുറ്റിയിൽ | ലഭ്യമല്ല | 16500 | 0 | 16500 |
| 7 | 104880200272 | രുഗ്മിണി പ്ളാംമൂട്ടിൽ വീട് പള്ളിയ്ക്കൽ നടുവിലേമുറി | ലഭ്യമല്ല | 67200 | 0 | 67200 |
| 8 | 104880101619 | ലക്ഷ്മിക്കുട്ടി തിരുവിക്കൽ കട്ടച്ചിറ | ലഭ്യമല്ല | 41200 | 0 | 41200 |
| | | | | | ആകെ | 333400 |

ധനകാര്യവകുപ്പിന്റെ (എസ്.എഫ്.സി.സെൽ-ബി)23/01/2020 ലെ 07/2020 നം സർക്കുലർ പ്രകാരം സാമൂഹ്യസുരക്ഷാപെൻഷൻ അനർഹമായി കൈപ്പറ്റി വരുന്ന സർക്കാർ ജീവനക്കാർ/സർവ്വീസ് പെൻഷണർമാർ/കുടുംബപെൻഷണർമാർ എന്നിവരിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരകെ ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഫയൽ പരിശോധിച്ചതിൽ നിന്നും 27/03/21 തീയതിയിൽ മേൽ ഗുണഭോക്താക്കൾക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും തുക തിരിച്ചടയ്ക്കുകയോ കത്തിന് മറുപടി നൽകുകയോ ചെയ്തിട്ടില്ല. മേൽ പെൻഷണർമാരിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 23/04-02-23 ന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും തുടർന്നും ഗുണഭോക്താക്കൾക്ക് അറിയിപ്പ് നൽകി തുടർനടപടികൾ സ്വീകരിയ്ക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന് 333400/- രൂപയുടെ നഷ്ടമാണ് ഇതു മൂലമുണ്ടായിരിയ്ക്കുന്നത്. മേൽ ഗുണഭോക്താക്കൾ തുക തിരികെ അടയ്ക്കാത്തപക്ഷം റവന്യൂറിക്കവറി നടപടികൾ വഴി തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 3-2 പൊതുമരാമത്ത് പ്രവൃത്തികൾ - യഥാസമയം കരാർ ചമച്ചില്ല

താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം കരാർ ചമച്ചില്ല. വിശദാംശം ചുവടെ,

| പ്രോജക്റ്റ് | Selection Notice പ്രകാരം പിഴ കൂടാതെ കരാർ ചമക്കേണ്ടുന്ന തീയതി | കരാർ ചമച്ച തീയതി | പി.എ.സി /കരാറുകാരന്റെ പേര് | ഈടാക്കേണ്ടിയിരുന്ന പിഴ(1%) |
|---|---|---|---|---|
| കോയിക്കൽ വടക്ക് മാത്തൻകുളം റോഡ് മെയിന്റനൻസ്, 6/19 | 26/01/19 | 13/02/19 | 578571/ ചന്ദ്രശേഖരൻ | 5786 |
| കരിമുട്ടത്ത് ക്ഷേത്രം-ഭഗതിത്തര റോഡ് മെയിന്റനൻസ്, 35/20-21 | 22/09/20 | 24/09/20 | 718621.72 സുനിൽ കുമാർ.എസ് | 7186 |
| | | | | 12872 |

കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. സെലക്ഷൻ നോട്ടീസ് കരാറുകാരൻ കൈപ്പറ്റിയിട്ടുണ്ടെങ്കിലും യഥാസമയം കരാർ ചമച്ചിട്ടില്ല. യഥാസമയം കരാർ ചമച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പി.എ.സി യുടെ 1% പിഴ ഈടാക്കിയാവണം കരാർ ചമയ്ക്കേണ്ടിയിരുന്നതെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. എഗ്രീഡ് പി.എ.സി യുടെ 1% പിഴയായ 12872 രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. വൈകി കരാർ ചമയ്ക്കുവാനുണ്ടായ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/21-22) മറുപടി ഹാജരാക്കിയില്ല.

## 3-3 കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല.

പഞ്ചായത്തിൽ നിർവഹിക്കപ്പെടുന്ന വിവിധ ടാറിംഗ് പ്രവൃത്തികളുടെ ആകെ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയായി 18% ജി.എസ്.ടി ഉൾപ്പെടെ 238+18%= 281 രൂപ ഈടാക്കുന്നുണ്ടെങ്കിലും ജി.എസ്.ടി തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ലായെന്ന് കാണുന്നു. പെനാൽറ്റീസ് ആന്റ് ഫൈൻസ് എന്ന ഹെഡിലാണ് ബിറ്റുമിൻ ജി.എസ്.റ്റി ഒടുക്കിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് | കരാറുകാരന്റെ പേര് | ബിറ്റുമിൻ ജി.എസ്.റ്റി |
|---|---|---|
| അമ്പാടി മുക്ക് കണ്ണകാര റോഡ് മെയിന്റനൻസ് | മാത്യു.റ്റി.ജി | 1286 |
| കരിമുട്ടത്ത് ക്ഷേത്രം-ഭഗതിത്തര റോഡ് മെയിന്റനൻസ്, 35/20-21 | സുനിൽ കുമാർ.എസ് | 856 |
| തൈക്കാവ് പായിക്കാട്ടേത്ത് മുക്ക് റോഡ് മെയിന്റനൻസ് | ഷുഹൈബ്.എം.എ | 499 |
| | | 2641 |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/21-22), മറുപടി ഹാജരാക്കിയില്ല. മറ്റുള്ള പ്രവൃത്തികളിൽ നിന്നും ഇപ്രകാരം പെനാൽറ്റീസ് ആന്റ് ഫൈൻസ് എന്ന ഹെഡിൽ ഒടുക്കിയിട്ടുള്ള തുകകൾ കണ്ടെത്തി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ പ്രവൃത്തികളിൽ നിന്നും നികുതി ഈടാക്കിയില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തൻവർഷം 41 മെറ്റീരിയൽ പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട്. 2019-20, 20-21 വർഷങ്ങളിലായി കരാർ ചമച്ചതും എന്നാൽ 20-21, 21-22 വർഷങ്ങളിലുമായി നടപ്പിലാക്കിയ പദ്ധതികൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്. പ്രവൃത്തികളിൽ ഓട നിർമ്മാണവും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുമാണ് നടന്നത്. 41 പ്രവൃത്തികൾ രണ്ട് കരാറുകാർ മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്.

ടി പ്രവൃത്തികളിൽ ആവശ്യമായ ക്വാറിമക്കം, ഗ്രഡ് എർത്തും മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജിഎസ്ടി കുറവ് ചെയ്തിട്ടില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30/07/19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ്/16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൂടാതെ, 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ ,വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്.(ഇൻകം ടാക്സ് കമ്മീഷണറുടെ 13-05-20 ലെ നിർദ്ദേശപ്രകാരം 14-05-20 മുതൽ 31-05-21 വരെ വ്യക്തികളാണെങ്കിൽ 0.75% ഉം സ്ഥാപനങ്ങളാണെങ്കിൽ 1.5% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തിയാൽ മതി.ആയത് പിന്നീട് 31-03-22 വരെ നീട്ടി നൽകി) എന്നാൽ ഗ്രാമ പഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ചിട്ടുള്ള മെറ്റീരിയൽ പ്രവർത്തികളിൽ കരാറുകാരനിൽ നിന്നും ഇപ്രകാരം കിഴിവ് വരുത്താതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

| ക്രമ നം | കരാറുകാരന്റെ പേര് | നടപ്പിലാക്കിയ പ്രവൃത്തികളുടെ | മെറ്റീരിയൽസ് വിലയിനത്തിൽ | ഈടാക്കേണ്ട ആദായ | ഈടാക്കേണ്ട ജിഎസ്ടി(2%) |
|---|---|---|---|---|---|

| | | എണ്ണം | അനുവദിച്ച തുക | നികുതി (0.75%/1.5% ) | |
|---|---|---|---|---|---|
| 1 | ഷമീർ മോൻ.ബി, ഉണിച്ചേരിൽ അസോസിയേറ്റ്സ്, വള്ളികുന്നം | 32 | 9667264.24 | 72505 | 193345 |
| 2 | ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി, പുള്ളിക്കണക്ക് പി.ഒ കായംകുളം | 9 | 1507940.01 | 22619 | 30159 |
| | | | 11175204.25 | 95124 | 223504 |

മേൽ പരാമർശിച്ച നികുതികൾ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 300000 | പാലിന് സബ്സിഡി(ജനറൽ) | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 300000 | പാലിന് സബ്സിഡി(വനിത) | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 2189200 | ലൈഫ് പദ്ധതി(എസ് സി പി) | 2189200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | ലൈഫ് ഭവന പദ്ധതി (പട്ടികജാതിവിഭാഗം ) | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | പാലിന് സബ്സിഡി(ജനറൽ) | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | അങ്കണവാടി അനുപൂരക പോഷകാഹാര വിതരണ പദ്ധതി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 317548 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 317548 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 5200000 | ലൈഫ് പദ്ധതി(എസ് സി പി) | 5200000 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 200000രൂപ വരവുണ്ട്. മുൻബാക്കി 10814133 രൂപയടക്കം 11014133 രൂപയിൽ 1620000 രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | | 11014133 | 10814133 | 2185333 | 0 | 8628800 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ്ജ്/ സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 108459931 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 116175093 |
| വരവിനങ്ങളിലുള്ള നഷ്ടം | 16128 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12872 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1829593 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 2-1 | 16128 | | മേരിസൺ മൈക്കിൾ, സെക്രട്ടറി |
| 3-2 | | 12872 | ജോൺസി ജോർജ്,അസിസ്റ്റന്റ് എൻജിനീയർ |
| | 16128 | 12872 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-23 | 31700 | മേരിസൺ മൈക്കിൾ, സെക്രട്ടറി |
| 1-25 | 1046070 | ജോൺസി ജോർജ്,അസിസ്റ്റന്റ് എൻജിനീയർ |
| 1-31 | 598211 | ഡോ.സ്മിത, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 1-32 | 153612 | ഡോ.അമൃത, മെഡിക്കൽ ഓഫീസർ ഹോമിയോ |

| | | |
|---|---|---|
| | 1829593 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| 3-1 | 333400 | ക്ഷേമ പെൻഷൻ |
| 3-3 | 2641 | ജി.എസ്.റ്റി |
| 3-4 | 95124 | ആദായ നികുതി |
| 3-4 | 223504 | ജി.എസ്.റ്റി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഹരികുമാർ കെ.ബി സെക്രട്ടറി | 31-05-21 ൽ സേവനത്തിൽ നിന്നും വിരമിച്ചു | കൊല്ലൂർ വീട് കൊയ്പ്പള്ളികാരായ്മ ഓലകെട്ടിയമ്പലം പി.ഒ |
| ജോൺസി ജോർജ്, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, LSGD മരാമത്ത് വിഭാഗം, ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് | കൊയ്പ്പള്ളിത്തറയിൽ, എരമത്തൂർ പി.ഒ മാന്നാർ |
| മേരിസൺ മൈക്കിൾ, സെക്രട്ടറി | സെക്രട്ടറി, ഭരണിക്കാവ് | റിയാ ഡെയിൽ, കോയിവിള.പി.ഒ |
| ഡോ.സ്മിത, മെഡിക്കൽ ഓഫീസർ പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പിഎച്ച്സി ഭരണിക്കാവ് | സിന്ധു ഭവനം തെക്കേക്കര മാവേലിക്കര |
| ഡോ.അമൃത, മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ ഗവ.ഹോമിയോ ഡിസ്പെൻസറി പീലിയാട്,എറണാകുളം | ശ്രീവൽസം, രാജധാനി അപ്പാർട്ട്മെൻറ്, തൃപ്പൂണിത്തറ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ.5/1832/11/02.02.12 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ.5/1577/13/22.05.14 |
| 2010-11 | എൽ.എഫ്.എ.പി.6/21/2013/20.06.13 |
| 2011-12 | എൽ.എഫ്.എ.പി6/1007/14/08.10.14 |
| 2012-13 | എൽ.എഫ്.എ.പി.6/234/15/04.04.15 |
| 2013-14 | കെ.എസ്.എ.എ.എൽ.പി/പി6/1615/15/23.01.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി/പി6/829/2016/29.07.16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി6/1454/16 തീയതി:14-12-2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി6/988/2017 തീയതി.22.07.17/03.08.17 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി6/63/2019 തീയതി.15/01/2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി6-806/2020 |

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| | 04-01-2021 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി-6-215/2022<br>27-03-2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി-6-702/2022<br>16-07-2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്